പതിനാലാം കേരള നിയമസഭ

1-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ. 955

11.07.2016-ൽ

മറുപടിക്ക്

## തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും സംരക്ഷണം

ചോദ്യം

ശ്രീ.വി.എസ്.അച്ചുതാനന്ദൻ

ശ്രീ. ആർ. രാജേഷ്

ശ്രീ. പി.കെ. ശശി

ശ്രീ. യു. ആർ. പ്രദീപ്

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെയും നെൽ വയലുകളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; | (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാബാങ്ക് തയ്യാറാക്കി അംഗീകരിക്കുന്നത് കൃഷി ആഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതികളും അവ ഗസറ്റ് വിജ്ഞാപനം നടത്തുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരും ആണ് ഡാറ്റാബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് അവസാനം ലഭ്യമായ വിവരമനുസരിച്ച് 328 പഞ്ചായത്തുകളിൽ ഡാറ്റാബാങ്കുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും, 570 പഞ്ചായത്തുകളിൽ അന്തിമ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുള്ളതുമാണ്. |
| (ബി) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ മുൻസർക്കാർ കൊണ്ടു വന്ന ഭേദഗതി പ്രകാരം അനധികൃത നെൽവയൽ നികത്തലുകളെ ക്രമവൽക്കരിക്കുന്നതു വഴി നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിസ്തൃതി വീണ്ടും കുറയാ | (ബി) | 8.7.16-ന് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത ഭേദഗതി പിൻവലിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നിടയാകുന്നതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ നിയമ ഭേദഗതി പിൻവലിക്കുമോ; | | |
| (സി) | അനധികൃത നെൽവയൽ നികത്തലുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനായി എന്തെങ്കിലും നടപടികളുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്കിൽ ഉൾപ്പെട്ട നെൽവയൽ അനധികൃതമായി നികത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്റ്റോപ്പ് മെമ്മോ നൽകി അനധികൃത പ്രവൃത്തി തടയുകയും കക്ഷികളെ വിചാരണ ചെയ്യുകയും നിയമത്തിലെ 13-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ ഉൾപ്പെടെ കർശന നടപടികൾ ജില്ലാ കളക്ടർമാർ മുഖാന്തിരം സ്വീകരിച്ചു വരികയും ചെയ്യുന്നു. അനധികൃത പരിവർത്തനങ്ങൾ തടയുന്നതിനായി ജില്ലകളിൽ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും, പോലീസുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വരുന്നതുമാണ്. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും അനധികൃത പ്രവർത്തനത്തിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടുന്നതോ ആയ വാഹനങ്ങൾ പിടിച്ചെടുക്കുകയും വകുപ്പ് 20 പ്രകാരം വാഹന ഉടമകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതുമാണ്. അനധികൃതമായി കുന്നുകൾ ഇടിച്ചു നിരത്തി നെൽവയൽ നികത്തുന്നതിനെതിരെ 15.06.2016-ലെ 29626/പി1/2016/റവന്യൂ തീയതി പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

സെക്ഷൻ ഓഫീസർ

കേരളസർക്കാർ
റവന്യൂ(പി)വകുപ്പ്

# സർക്കുലർ

നം.29626/പി1/2016/റവന്യൂ തിയതി, 15.06.2016.

വിഷയം: റവന്യൂ വകുപ്പ് - അനധികൃതമായി കുന്നുകൾ ഇടിച്ച് നിരത്തി നെൽവയൽ നികത്തുന്നതിനെതിരെ കർശന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

കേരള സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോൽസാഹിപ്പിക്കുന്നതിനും, പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ രൂപാന്തരപ്പെടുത്തുന്നത് നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് 2008 – ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിൽ വരുത്തിയത്.

എന്നാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനധികൃതമായി കുന്നുകൾ ഇടിച്ച് നിരത്തി നെൽവയൽ നികത്തുന്നതായി വ്യാപകമായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാടിന്റെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കുന്ന പ്രകൃതി ചൂഷണം ഒഴിവാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ അനധികൃത നെൽവയൽ നികത്തൽ തടയുന്നതിനും അനുബന്ധപ്രവൃത്തികൾക്കുമായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥകളുണ്ട്. 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 13 , 18 , 19, 20, 23, 24 എന്നീ വകുപ്പുകൾ പ്രകാരം അനധികൃതമായി നികത്തപ്പെട്ട നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനും ആയതിന് ചെലവഴിക്കേണ്ടിവരുന്ന തുക നെൽവയലിന്റെ അധിവാസിയിൽ നിന്നും ഈടാക്കുന്നതിനും അനധികൃത നികത്തൽ പ്രവർത്തനങ്ങളിലേർപ്പെടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും അനധികൃത പരിവർത്തനത്തിലേർപ്പെടുന്നവർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുവാനും വ്യവസ്ഥചെയ്യുന്നുണ്ട്.

പ്രസ്തുത നിയമവും ചട്ടങ്ങളും അവയുടെ അന്തസത്ത ഉൾക്കൊള്ളുന്ന തരത്തിൽ പരിപാലിക്കപ്പെടേണ്ടതും പ്രവർത്തനോത്സുകമാക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകൾ നിലവിലുണ്ടായിട്ടും സംസ്ഥാനത്ത് അനധികൃതമായി കുന്നുകൾ

ഇടിച്ചുനിരത്തിയും അല്ലാതെയും നെൽവയലുകൾ നികത്തുന്ന സംഭവങ്ങൾ നടക്കുന്നത് സർക്കാർ ഗൗരവമായി കാണുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ മേൽ പ്രതിപാദിച്ച വ്യവസ്ഥകൾ പ്രകാരം കർശന നടപടികൾ സ്വീകരിക്കുവാൻ ഇതിനാൽ നിർദ്ദേശിക്കുന്നു. ഒരു പ്രദേശത്ത് നെൽവയലുകൾ അനധികൃതമായി നികത്തപ്പെടുന്ന സാഹചര്യമുണ്ടായാൽ ആയതിന്റെ ഉത്തരവാദിത്വം പ്രസ്തുത പ്രദേശത്തെ പ്രാദേശികതല നിരീക്ഷണസമിതിയുടെ കൺവീനറായ കൃഷി ഓഫീസറിലും ബന്ധപ്പെട്ട വില്ലേജ് ഓഫീസറിലും നിക്ഷിപ്തമായിരിക്കും.

സർക്കാരിന്റെ ചുമതലയിലുള്ള വികസന പ്രവർത്തനങ്ങൾക്കൊഴികെ മണ്ണ് നീക്കംചെയ്ത് നിലം നികത്താൻ പാടില്ല. ഇത് ലംഘിക്കുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുകയും അതിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടുകെട്ടുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

ഇക്കാര്യം സംബന്ധിച്ച് അതാത് ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും, ലഭ്യമാകുന്ന പരാതികളിലും ശ്രദ്ധയിൽപ്പെടുന്ന വാർത്തയിലും അടിയന്തിര നിയമനടപടി സ്വീകരിച്ച് വാഹനങ്ങൾ കണ്ടുകെട്ടേണ്ടതുമാണ്. ഇതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ജില്ലാ കളക്ടർമാർ അവരുടെ പ്രതിമാസയോഗങ്ങളിൽ ഇക്കാര്യം അജണ്ടയിൽ ഉൾപ്പെടുത്തി അവലോകനം ചെയ്യേണ്ടതും, ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകേണ്ടതുമാണ്.

മേൽ കാര്യങ്ങൾ കർശനമായി പാലിക്കേണ്ടതും ഇക്കാര്യത്തിൽ സംഭവിക്കുന്ന വീഴ്ച സർക്കാർ സഗൗരവം വീക്ഷിക്കുന്നതും അനന്തര നടപടികൾ കൈക്കൊള്ളുന്നതുമാണ്.

ഡോ. വിശ്വാസ് മേത്ത
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
1. ലാൻഡ് റവന്യൂ കമ്മിഷണർ.
2. എല്ലാ ജില്ലാ കളക്ടർമാർക്കും.
3. കൃഷി (എൻ.സി.എ) വകുപ്പ് / കൃഷി വകുപ്പ് ഡയറക്ടർ (കൃഷി ഓഫീസർമാർക്ക് നൽകുന്നതിനായി)
4. തദ്ദേശ സ്വയംഭരണ വകുപ്പ്.
5. വിവര പൊതുജന സമ്പർക്ക വകുപ്പ് - വെബ് & ന്യൂ മീഡിയ /പ്രസ് റിലീസ്
6. കരുതൽ ഫയൽ /ഓഫീസ് കോപ്പി.